**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 642** **28-01-2026 - ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര വ്യവസായ പാർക്ക് പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി- ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ തരൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര വ്യവസായ പാർക്ക് (300 ഏക്കർ) നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | കൊച്ചി ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) പ്രോജക്ട് ചെന്നൈ ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ എക്സ്റ്റൻഷനായി ഗവൺമെന്റ് ഓഫ് ഇന്ത്യ അംഗീകരിച്ചു. ഈ കോറിഡോറിന്റെ ആദ്യ നോഡായാണ് കണ്ണമ്പ്ര ഉൾപ്പെടുന്ന ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റേഴ്സ് (IMC) പാലക്കാട് വികസിപ്പിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്.<br><br>**നിലവിലെ സ്ഥിതി**<br><br>1. കണ്ണമ്പ്രയിൽ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചു.<br>2. പദ്ധതി നിർവ്വഹണം നിരീക്ഷിക്കുന്നതിന് പ്രോഗ്രാം മാനേജ്മെന്റ് കൺസൽട്ടന്റായി Egis India Consulting Engineer Pvt. Ltd. -നെ 02.05.2025-ന് നിയമിച്ചു.<br>3. നിലവിൽ (Phase -1 Pudussery Central & Kannambra) പദ്ധതി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള പാക്കേജ്-1 ടെൻഡർ നടപടികൾ പൂർത്തിയാക്കി, 2025 സെപ്റ്റംബർ 24-ന് ദിലീപ് ബിൽഡ് കോൺ ലിമിറ്റഡ് + PSP പ്രോജെക്ട്സ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചറിന് അവാർഡ് ചെയ്തു. GST ഉൾപ്പടെ 1316.13 കോടി രൂപയാണ് അവാർഡ് തുക. കരാർ പ്രകാരം നിർമ്മാണ പ്രവൃത്തികൾ 42 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ